ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് കേന്ദ്രങ്ങളിൽ ഒരു ജോയിന്റ് ആർ.ടി. ഓഫീസ് സ്ഥാപിക്കുവാൻ വേണ്ടിയുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് സ്ഥാപിക്കുവാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)കൊയിലാണ്ടി ഉൾപ്പെടെയുള്ള വിവിധ താലൂക്കാസ്ഥാനങ്ങളിൽ സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ഉടൻ ലഭ്യമാക്കുന്നതാണെന്ന് ആ വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് പരിശോധിച്ചതിന് ശേഷമേ ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനം സർക്കാർതലത്തിൽ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

68 (356) തിരുവനന്തപുരം നഗരത്തിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പഠനത്തിനായി നിയോഗിക്കപ്പെടുന്ന ഏജൻസി ഏതാണ്;

(സി) ഇതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഏതൊക്കെ സ്ഥാപനങ്ങൾ എത്രവീതം ഇതിനായി ചെലവ് വഹിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) എന്തൊക്കെ സൗകര്യങ്ങൾ വരുത്താനാണ് പഠന പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;

(എഫ്) ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡൽഹി ആസ്ഥാനമായുള്ള കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസസ് ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഈ പഠനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസി. ഈ പഠനത്തിൽ യു.എസ്.എ. ആസ്ഥാനമായുള്ള കൈസർ, തിരുവനന്തപുരം ആസ്ഥാനമായുള്ള പ്രോജക്ട് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് എന്നിവയുമായി സഹകരിച്ചാണ് പഠനം നടത്തുന്നത്.

(സി) ഇതിന് 33 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെലവ് വഹിക്കുന്ന സ്ഥാപനങ്ങളുടെ പേരും അവർ വഹിക്കുന്ന ചെലവും താഴെ പറയും പ്രകാരമാണ്.

ട്രിഡ	-	5.8 ലക്ഷം
തിരുവനന്തപുരം കോർപ്പറേഷൻ	-	10 ലക്ഷം
തിരുവന്തപുരം ജില്ലാ പഞ്ചായത്ത്	-	4 ലക്ഷം
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	-	1 ലക്ഷം
നെടുമങ്ങാട് മുനിസിപ്പാലിറ്റി	-	1 ലക്ഷം
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി	-	1 ലക്ഷം
കേന്ദ്ര സർക്കാർ	-	15.2 ലക്ഷം

ആകെ	-	38.00 ലക്ഷം
		==========

(ഇ) തിരുവനന്തപുരം നഗരത്തിലെയും പ്രാന്തപ്രദേശങ്ങളിലെയും ഗതാഗതക്കുരുക്കിൽ തൽക്കാലത്തേക്കും വരുംകാലത്തേക്കും വിദൂരകാലത്തേക്കും ഫലപ്രദമായ രീതിയിൽ പരിഹാരമാർഗ്ഗം കാണുന്നതിന് ഏതൊക്കെ രീതിയാണ് അവലംബിക്കേണ്ടതെന്ന് മനസ്സിലാക്കുന്നതിനായിട്ടാണ് പഠനം നടത്തുന്നത്. പഠനഫലം ഓരോ ഘട്ടത്തിലും ശാസ്ത്രീയമായ രീതിയിൽ വിശകലനം ചെയ്തശേഷം മാത്രമേ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ എന്തൊക്കെ സൗകര്യങ്ങൾ വരുത്തേണ്ടതുണ്ടെന്ന് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

(എഫ്)പഠന റിപ്പോർട്ട് ശാസ്ത്രീയമായ രീതിയിൽ വിശകലനം ചെയ്യുമ്പോൾ മാത്രമേ ഏതൊക്കെ സൗകര്യങ്ങൾ വേണമെന്ന് അറിയുവാൻ സാധിക്കുകയുള്ളൂ. അതിനുശേഷം പ്രസ്തുത സൗകര്യങ്ങൾ നടപ്പാക്കുന്നതിന് ഉദ്ദേശം എന്ത് മൂലധന ലഭ്യത ഉറപ്പാക്കിയശേഷം എന്നത്തേക്ക് ടി സൗകര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാൻ കഴിയുംകയുള്ളൂ

69 (357) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ നടപടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരാമാണ്ടിൽ കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും കരകയറ്റി ലാഭത്തിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ പ്രതിവർഷ വരവു ചെലവ് കണക്കനുസരിച്ച് നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) പ്രസ്തുത നഷ്ടം എത്രകണ്ട് കുറയ്ക്കാൻ അടുത്ത സാമ്പത്തിക വർഷം സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly